# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 522:** **06/03/2012- ൽ മറുപടിക്ക്**

## സ്വയം സംരംഭക വികസന മിഷൻ

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. കെ. ഗുരുദാസൻ:**
**" കെ. വി. അബ്ദുൾ ഖാദർ:**
**" എ. പ്രദീപ് കുമാർ**
**" കെ.കെ. നാരായണൻ**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ വർഷം ഒരു ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള സംസ്ഥാന സ്വയം സംരംഭക വികസനമിഷന് രൂപം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള സർക്കാരിന്റെ 08/12/11-ലെ ജി.ഒ. (എം.എസ്) 599/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്. |
| (ബി) | ഇതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട കെ.എഫ്.സി.വഴി ഇതിനകം എത്ര തൊഴിലവസരങ്ങൾ വികസനമിഷൻ സൃഷ്ടിക്കുകയുണ്ടായെന്നും എത്ര കോടി രൂപയുടെ മുതൽ മുടക്കുണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) | ഈ പദ്ധതിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട ആദ്യ ബാച്ചിന്റെ പരിശീലനം ഇപ്പോൾ പുരോഗമിക്കുകയാണ്. പരിശീലന ശേഷം ഇവർക്ക് പലിശരഹിത വായ്പ ലഭ്യമാക്കും ഈ സംരംഭകർ, ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെയാണ് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ഈ പദ്ധതി പ്രകാരം ഇതുവരെ ആർക്കും തൊഴിൽ നൽകിയിട്ടില്ല. പലിശരഹിത വായ്പ ഇതുവരെ ആർക്കും നൽകുകയുണ്ടായിട്ടില്ല. ആയതിനാൽ ഈ പദ്ധതി പ്രകാരം പലിശ രഹിത വായ്പ ഇതുവരെ ആർക്കും നൽകുകയുണ്ടായിട്ടില്ല. ആയതിനാൽ ഈ പദ്ധതിയിൽ ഇതിനകം മുതൽമുടക്കൊന്നും നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| സി) | മിഷന്റെ ഭാഗമായി എത്ര പേർക്ക് പരിശീലനം നൽകമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; എത്ര പേർക്ക് പരിശീലനം നൽകുകയുണ്ടായി; | (സി) | മിഷന്റെ ഭാഗമായി വർഷംതോറും 10,000 പേർക്ക് പരിശീലനം നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇപ്പോൾ 812 പേർ പരിശീലനത്തിലാണ്. |
| (ഡി) | പരിശീലനം ലഭിച്ചവർ ചേർന്ന് എത്ര ചെറുകിട മൈക്രോ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; എത്രയെണ്ണം തുടങ്ങുകയുണ്ടായി; | (ഡി) | വർഷം തോറും 2,000 സംരംഭങ്ങൾ സ്ഥാപിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്. 3977 സംരംഭങ്ങൾ ഈ പദ്ധതിയിൽ ആദ്യ ബാച്ചിലേയ്ക്ക് രജിസ്റ്റർ ചെയ്തു. ഇതിൽ നിന്നും 812 പേരെ പരിശീലനത്തിനായി തെരഞ്ഞെടുത്തു. അവർ ഇപ്പോൾ പരിശീലനത്തിലാണ്. പരിശീലത്തിനു ശേഷം ഇവർക്ക് പലിശ രഹിത വായ്പ ലഭ്യമാക്കും. അതിനുശേഷമായിരിക്കും സംരംഭങ്ങൾ തുടങ്ങുന്നത്. ആയതിനാൽ ഇതുവരെ ഒരു സംരംഭവും ഈ പദ്ധതി പ്രകാരം തുടങ്ങിയിട്ടില്ല. |
| (ഇ) | പ്രസ്തുത യൂണിറ്റുകൾക്ക് 90% പലിശ രഹിത വായ്പ നൽകുമെന്ന് പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ ഇതിൻ പ്രകാരം എത്ര പേർക്ക് പലിശ രഹിത വായ്പ നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. ഇതുവരെ ആർക്കും ഈ പദ്ധതി പ്രകാരം പലിശ രഹിത വായ്പ നൽകുക യുണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ